# ഏലിയ – ശ്ലീഹ – മൂശാക്കാലം

## വചന വിചിന്തനം

### ഏലിയാ-ശ്ലീവക്കാലം ഒന്നാം ഞായർ

ലൂക്കാ 19,1-10

07/09/2014

ശ്രീ ശങ്കരാചാര്യൻ കിട്ടാൻ ബുദ്ധിമുട്ടുള്ള മൂന്ന് കാര്യങ്ങളെ കുറിച്ച് പങ്കുവയ്ക്കുന്നുണ്ട്, 1.ജിവൻ 2. മഹാത്മാക്കളുടെ സാമിപ്യം 3. മോക്ഷം. എങ്കിൽ, ഇത്തരണത്തിലുള്ള മൂന്ന് കാര്യങ്ങൾ സ്വന്തമാക്കി ദൈവരാജ്യ വിരുന്നിന് അർഹനായ ഒരു വ്യക്തിയെ ആണ് ഇന്നത്തെ വചനഭാഗം പരിചയപ്പെടുത്തുന്നത് - സക്കേവൂസ്.

"മനുഷ്യരുടെ മേൽ അധികാരം നേടുന്നതിനുള്ള ഒരു ഉപകരണം മാത്രമാണ് സമ്പത്ത്." വിഖ്യാതനായ ജോൺ റസ്കിന്റെ "അൺടു ദി ലാസ്റ്റ് " എന്ന ഗ്രന്ഥത്തിൽ മഹാതമാഗാന്ധിയെപ്പോലും മാനവസേവനത്തിന് സഹായിച്ച് ഒരു വചനം. 1904 ലെ ഒരു സായ്ഹാനാത്തിൽ ദക്ഷിണാഫ്രിക്കയിലെ ജോനാസ് ബർഗ്ഗ് ദർബ്ബൺ തീവണ്ടിയിൽ യാത്ര ചെയ്യുകയായിരുന്ന ഗാന്ധിജിക്ക് ഒരു സുഹൃത്ത് സമ്മാനിച്ചതാണ് ഈ പുസ്തകം. വി.പൗലോസ് ശ്ലീഹായ്ക്ക് ഉണ്ടായ ദമാസ്ക്കസ് അനുഭവമായിരുന്നു ഈ പുസ്തകം വായിച്ചപ്പോൾ മഹാത്മാഗാന്ധിക്ക് ഉണ്ടായത്. പിറ്റേദിവസം ദർബ്ബണിലേയ്ക്കെത്തുമ്പോഴെക്കും മഹാത്മാഗാന്ധി ഉറച്ച ശപതം എടുത്തിരുന്നു, തന്റെ ഭൗതീകസമ്പത്ത് മാനവ സേവനത്തിനായി ഉപയോഗിക്കുമെന്ന്. പ്രതിവർഷം അഭിഭാഷക വൃത്തിയിൽ നിന്നു ലഭിച്ച 5000പവനും മറ്റ് ഭൗതീക വസ്തുക്കലും ഗാന്ധിജി ഉപേക്ഷിച്ച് മാനവസേവനത്തിനിറങ്ങി. അതിലൂടെ സ്വന്തമാക്കിയത് ആത്മസംതൃപ്തിയും സ്വരക്ഷയും.

"ദൈവത്തിന്റെ നേരെ
ഒരടി നടക്കുന്നവന്റെ
അടുത്തേയ്ക്ക്
ദൈവം
ഓടി വരും."

ജോർജ്ജ് മുള്ളർ

ജീവിത്തിൽ സക്കേവൂസിനെപ്പോലെ രക്ഷ സ്വന്തമാക്കാൻ നാം ചെയ്യേണ്ടത് നമ്മുക്ക് നമ്മെക്കുറിച്ചുള്ള സ്വപ്നങ്ങളും ദൈവത്തിന് നമ്മളെ കുറിച്ചുള്ള സ്വപ്നവും തമ്മിലുള്ള അന്തരം പരിഹരിക്കുക എന്നതാണ്. സക്കേവൂസ് സ്വപ്നം കണ്ടതുപോലെയല്ല കർത്താവ് ആഗ്രഹിച്ചതുപോലെയാണ് കാര്യങ്ങൾ അരങ്ങേറിയത്. സക്കേവൂസ് സ്വപ്നം കണ്ടത് മരത്തിന് മുകളിൽ നിന്നുള്ള ഒരെത്തിനോട്ടം മാത്രമാണെങ്കിൽ കർത്താവ് സ്വപ്നം കണ്ടത് അവന്റെ രക്ഷയാണ്. അതിലൂടെ അവന്റെ കുടുംബവും രക്ഷ സ്വന്തമാക്കുന്നത്. അകലെയിരുത്തി ഒരെത്തിനോട്ടം മാത്രം നൽകാൻ കർത്താവ് തയ്യാറല്ല. കർത്താവിനെ കണ്ടുമുട്ടുമ്പോൾ സക്കേവൂസ് നിസംഗതയുടെ പ്രതിനിധിയാണ്. സമദൂരം പാലിച്ച് അകലെയിരുന്ന് കർത്താവിനെ എത്തിനോക്കി കുർബ്ബാനയുംകണ്ട് നെവേനയും ലദീഞ്ഞും കൂടി നേർച്ചയിട്ട് മടങ്ങുന്ന നമ്മളും സക്കേവൂസും തമ്മിൽ വലിയ അന്തരമൊന്നുമില്ല. വലിയ കുഴപ്പമില്ലാതെ വലിയ പുണ്യമൊന്നും വേണ്ട എന്ന മട്ടിൽ കഴിയുന്നവരെ കർത്താവ് വിളിക്കുന്നുണ്ട്. അവരെ താഴെയിറക്കി, അവരോടൊത്ത് നടന്ന്, അവരുടെ വീട്ടിൽ ചെന്ന്, അവരെ അനുഗ്രഹിച്ച്, കർത്താവ് അവരെ രക്ഷയുടെ അവകാശികളാക്കുന്നുമുണ്ട്.

സക്കേവൂസിന് ശാരീരികമായി മാത്രമല്ല ആത്മീയമായും ഒരു പൊക്കക്കുറവ് അനുഭവപ്പെട്ടിരിന്നു. തന്റെ സമ്പത്തിനപ്പുറത്തേയ്ക്ക് കാഴ്ചയെത്താത്ത ആധ്യാത്മിക പാപ്പരത്തം സക്കേവൂസിനെ അലട്ടിയിരുന്നു. ചുങ്കക്കാരിൽ പ്രധാനിയായി സക്കേവൂസ് വളർന്നീട്ടുണ്ടെങ്കിൽ, തീർച്ചയായും, ചുങ്കസ്ഥലത്തോടുള്ള ആർത്തിയായിരിക്കണം ഇതിന്റെ പിന്നിൽ. തന്റെ ചുങ്കസ്ഥലത്ത് കൂട്ടിയിട്ടിരിക്കുന്ന നാണയതുട്ടുകളുടെ അപ്പുറത്ത് ആരുമില്ല എന്ന സ്വർത്ഥത നിറഞ്ഞ ചിന്ത സക്കേവൂസിനെ ഗ്രസിച്ചിരിക്കണം. ദൈവത്തേയോ സഹോദരങ്ങളെയോ എന്തിനേറെ

സ്വകുടുംബാഗംങ്ങളെ തന്നെ കാണുവാനുള്ള ദൂരകാഴ്ച സക്കേവൂസിന് നഷ്ടപ്പെട്ടിരുന്നു. സമ്പത്തിൽ വളരെ സമ്പന്നനായിരുന്ന സക്കേവൂസ് ബന്ധങ്ങളിൽ വളരെ ദരിദ്രനായിരുന്നു. ചുരുക്കത്തിൽ, സമ്പത്ത് കുമിഞ്ഞ് കൂടിയപ്പോൾ ബന്ധങ്ങൾ നഷ്ടപ്പെട്ട ഹതഭാഗ്യനാണ് സക്കേവൂസ്. കാരണം, സമ്പത്ത് കുമിഞ്ഞ് കൂടിയപ്പോൾ, സമ്പത്തിന് പുറകേ യാത്ര ചെയ്തപ്പോൾ ദൈവത്തേയോ, സഹോദരങ്ങളെയോ എന്തിനേറെ, കുടുംബാഗംങ്ങളുടെ മുഖത്ത് നോക്കാൻ പോലുമുള്ള ഹൃദയവിശുദ്ധി സക്കേവൂസിന് നഷ്ടപ്പെട്ടിരുന്നു.

പലപ്പോഴും സക്കേവൂസിന് അനുഭവപ്പെട്ട ഈ പൊക്കകുറവ് നമുക്കും അനുഭവപ്പെടുന്നില്ലേ. ഭൗതീകസമ്പത്ത് മാത്രമാണ് ദൈവം എന്നുള്ള ബോദ്ധ്യത്തിൽ ജീവിക്കുമ്പോൾ സമ്പത്തിന് പുറകെ യാത്ര ചെയ്യുമ്പോൾ ദൈവത്തെയും സഹോദരങ്ങളെയും കുടുംബാഗംങ്ങളെയും ദർശ്ശിക്കാൻ, ശുശ്രൂഷിക്കാൻ സാധിക്കാത്ത പൊക്കക്കുറവ് നമുക്കും അനുഭവപ്പെടാറില്ലേ! പക്ഷെ, അൽഭുതം അതല്ല. തന്റെ നഷ്ടങ്ങളെല്ലാം തിരികെപിടിക്കാൻ സക്കേവൂസിന് സാധിക്കുന്നുണ്ട്. തന്റെ കുമിഞ്ഞ് കൂടിയ സമ്പാദ്യങ്ങൾക്കപ്പുറം ഒരു ലോകമുണ്ട് എന്ന് തിരിച്ചറിഞ്ഞ സക്കേവൂസിന് കർത്താവിനോട് കൂട്ടുകൂടി തന്റെ സമ്പാദ്യം സഹോദരങ്ങളുമായി പങ്കുവയ്ക്കുമ്പോൾ സക്കേവൂസ് തന്റെ നഷ്ടപ്പെട്ട ചക്രവാളം വീണ്ടെടുക്കുകയാണ്.

"ദാനം ചെയ്യുന്ന കൈകൾ സമ്പാദിക്കുന്നു."

പഴമൊഴി

'സിക്കമൂർമരം' ഇന്നത്തെ തലമുറയ്ക്കുള്ള വലിയ 'സൈയിൻ ബോർഡ്" ആണ്. കർത്താവിലേയ്ക്കുള്ള സക്കേവൂസിന്റെ കോവണിയാണ് സിക്കമൂർ മരം. പൊക്കം കുറവായിരുന്ന സക്കേവൂസിന് കർത്താവിനെകുറിച്ചുള്ള കാഴ്ച്ച സമ്മാനിച്ചത് സിക്കമൂർ മരമാണ്. കർത്താവിന്റെ ദർശനത്തിനും കർത്താവിൽ നിന്നുള്ള രക്ഷയ്ക്കും നിദാനമായി സക്കേവൂസിനും കർത്താവിനും മദ്ധ്യേനിന്നത് സിക്കമൂർ മരമാണ്. ചുരുക്കത്തിൽ, രക്ഷ സ്വന്തമാക്കാൻ ഇത്തരണത്തിലുള്ള ഒരു കോവണിയുണ്ടെങ്കിൽ എളുപ്പമാണ്. ദൈവാന്വേഷണത്തിൻ സക്കേവൂസിനെ സഹായിച്ചത് സിക്കമൂർ മരമാണെങ്കിൽ എന്റെ ദൈവാന്വേഷണത്തിൻ എന്റെ കർത്താവിനെ തേടാൻ എന്നെ സഹായിക്കുന്ന സിക്കമൂർ മരങ്ങളെ തിരിച്ചറിയാനുള്ള വലിയ ഉൾകാഴ്ച്ചയായിരിക്കണം ഇന്നത്തെ വചനഭാഗം. എന്റെ പ്രാർത്ഥനകളും, വി.ബലിയർപ്പണങ്ങളും, വചനപാരായണങ്ങളും, ധ്യാനങ്ങളും ക്രിസ്തുവിനെ കണ്ടെത്താനുള്ള സിക്കമൂർ മരങ്ങളായി മാറ്റപ്പെടുന്നുണ്ടോ? നിത്യവും പള്ളിയിൽ വന്ന് ദൈവത്തെ കണ്ട് പോകുന്ന നാം കർത്താവിനെ കണ്ടുമുട്ടിയവനെ പോലെ തന്നെയാണോ ജീവിക്കുന്നത്.

ദൈവത്തെ കണ്ടുമുട്ടിയവർക്ക് ദൈവകൃപ സ്വന്തമാക്കിയവർക്ക് ഉണ്ടാകുന്ന ഒരു 'മെറ്റനോയിയ' (മാനസാന്തരം) അനുഭവത്തിനുള്ള ഏറ്റവും നല്ല ഉദാഹരണമാണ് ഇന്നത്തെ വചനഭാഗം. രണ്ട് ഭാഗങ്ങളുണ്ട് ഇതിന്. ഒന്ന് - ഏറ്റുപ്പറച്ചിൽ, രണ്ട് - പരിഹാരം. "കർത്താവേ, ഒരുപാട് തെറ്റുകൾ വന്നുപോയിട്ടുണ്ട്, മാപ്പ്. പരിഹാരമായി എന്റെ സ്വത്തിൽ പാതി പാവങ്ങൾക്കായി പങ്കുവയ്ക്കുന്നു." "കർത്താവേ, ഒരുപാടുപേരുടെ സ്വത്തുകൾ ഞാൻ തട്ടിച്ചെടുത്തിട്ടുണ്ട്. അവ രണ്ടിരട്ടിയായ് ഞാൻ തിരികെ കൊടുക്കുന്നു." ഏറ്റുപ്പറച്ചിലും പരിഹാരവും പൂർണമാകുമ്പോഴാണ് നവീകരണം പൂർണമാവുക. ചുരുക്കത്തിൽ, 'മെറ്റനോയിയ' (മാനസാന്തരം) പൂർണമാകാൻ ചെയ്യേണ്ട രണ്ട കാര്യങ്ങൾ, 1. പാപങ്ങൾ ഏറ്റുപറയുക, 2. ചെയ്തുപോയ പാപങ്ങൾക്ക് പരിഹാരം ചെയ്യുക. ദൈവത്തെ മറന്ന്, സഹോദരങ്ങളിലേയ്ക്കുള്ള ദൂരകാഴ്ച നഷ്ടമായി, കുടുംബാഗംങ്ങളെ ദർശികാതെ ജീവിച്ച സക്കേവൂസിൽ 'മെറ്റനോയിയ' സംഭവിച്ചപ്പോൾ അത് രക്ഷയ്ക്ക് കാരണമായി. തന്റെ സമ്പാദ്യങ്ങൾ ദൈവത്തിനും സഹോദരങ്ങൾക്കുമായി പങ്കുവച്ചപ്പോൾ അത് വ്യക്തിപരമായ രക്ഷയ്ക്ക് മാത്രമല്ല, സക്കേവൂസിലൂടെ ആ കുടുംബം മുഴുവൻ പൂർണമായും രക്ഷ പ്രാപിക്കുകയാണ്.

*ഈശോയില്ലെങ്കിൽ*

*'സീറോ'*

*ഈശോയുണ്ടെങ്കിൽ*

*'ഹീറോ!'*

വചനം നൽകുന്ന സന്ദേശം ചോദ്യരൂപത്തിലാണെങ്കിൽ, "എന്നിലൂടെ എന്റെ കുടുംബം രക്ഷ പ്രാപിക്കുന്നുണ്ടോ?"

രക്ഷ പ്രാപിക്കാൻ നാം ചെയ്യേണ്ടത് ഒരു 'സക്കൈമെന്റ്' കാത്തുസൂക്ഷിക്കുക എന്നതാണ്. ചുങ്കസ്ഥലത്തിരിക്കുമ്പോഴും, ചുങ്കം പിരിച്ചിരിക്കുമ്പോഴും സക്കേവൂസ് കർത്താവിനെ തേടുന്നുണ്ടായിരുന്നു. സമ്പത്ത് കുമിഞ്ഞ് കൂടിയപ്പോഴും ആത്മാവിന്റെ വിശപ്പടക്കാൻ പോരുന്നതായിരുന്നില്ല സക്കെവൂസിന് ചുങ്കം. ഈ ലോകത്തിൽ നമ്മുടെതായ സ്വർഗ്ഗം തീർത്ത് ജീവിക്കുമ്പോഴും സക്കേവൂസിനെപ്പോലെ ദൈവത്തെ തേടാൻ നമ്മുക്ക് സാധിക്കുന്നുണ്ടെങ്കിൽ 'സക്കൈമെന്റി'ന് ഉടമകളാണ് നമ്മൾ. മനസിനെ ഈ ലോകത്തിൽ മദിക്കാൻ വിടുമ്പോഴും ദൈവത്തെ കാണണം, പ്രാർത്ഥിക്കണം, രക്ഷ സ്വന്തമാക്കണം എന്ന സ്വപ്നത്തോടെ ജീവിക്കാൻ നമുക്ക് സാധിക്കണം. രക്ഷ എന്നിലൂടെ എന്റെ കുടുംബത്തിലേയ്ക്ക് എന്റെ സമൂഹത്തിലേയ്ക്ക് വ്യാപിക്കണം.

---

ഫാ. ജോബി മേനോത്ത്